MR. N. DANIEL JOSE : Has the Government any plan to provide employment to toddy tappers when the scheme is extended through out the State?

HON'BLE MR. E. K. MADHAVAN : തീർച്ചയായും.

MR. DANIEL JOSE : May I konw what plan is in view?

HON'BLE MR. E. K. MADHAVAN : അതു സംബന്ധിച്ചും ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

MR. N. V. CHACKO : നല്ല കള്ള് ഒരു ഭക്ഷണ സാധനമായതുകൊണ്ട് കൂടി പാടേ നിറുത്തുന്നതു ശരിയല്ലെന്നു ഗവൺമെൻറിനു തോന്നുന്നുണ്ടോ?

HON'BLE MR. E. K. MADHAVAN : കള്ള് ഒരു നല്ല ഭക്ഷണസാധനമാണെന്നു ഗവണ്മെൻറിന് അറിവില്ല.

Inclusion of Chirayinkil taluk.

*30. MR. MANKUZHI M. MADHAVAN : Will the Hon'ble Minister for Excise be pleased to state whether the Government would be pleased to bring Chirayinkil Taluk also under prohibition in the year 1125.

HON'BLE MR. E. K. MADHAVAN : The request of the Hon'ble Member will be considered when the question of extending prohibition in the State is decided.

പോലീസ് അക്രമം.

*31. MR. K. A. MATHEW (*Thiruvalla IV—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പോലീസുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തുലാം [illegible]- രാത്രിയിൽ മല്ലപ്പള്ളിയിലുള്ള ഒരു സാധുവായ ചായക്കടക്കാരന്റെ കടയിൽ കിഴ്വായ്പൂർ പോലീസ് സ്റ്റേഷനിലെ രണ്ടോ മൂന്നോ പോലീസ് കോൺസ്റ്റബിളും മദ്യോന്മത്തരായി പ്രവേശിച്ച് ആയുധങ്ങൾ കാണിച്ച് ഭയപ്പെടുത്തുകയും അയാളിൽനിന്നും പണം വാങ്ങിക്കുകയും ചെയ്തതായി മന്ത്രിക്കും ഐ. ജി-ക്കും പരാതികൾ ലഭിച്ചോ?

(ബി) അതിന്മേൽ എന്തു നടപടികൾ എടുത്തു?

(സി) അങ്ങനെയുള്ള അക്രമികളായ പോലീസുകാരെ ഡിപ്പാർട്ട്മെൻറിൽനിന്നും നിഷ്കാസനം ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : (എ) ലഭിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ചു ഐ. ജി. വേണ്ട അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. ആ അന്വേഷണത്തിന്റെ ഫലമായി അതിനു ഉത്തരവാദികളായ മുൻപറഞ്ഞ ആളുകളെ സസ്പെൻഷനിൽ നിറുത്തിയിട്ടുണ്ട്.

(സി) ഇങ്ങനെയുള്ള അക്രമികളായ പോലിസുകാരെ അവരുടെ കുറ്റങ്ങളുടെ ഗൗരവത്തിന്റെ നില അനുസരിച്ച് ശിക്ഷിക്കുന്നതാണ്.

MR. K. A. MATHEW : സസ്പെൻഷനിൽ നിറുത്തുന്നതു് ശിക്ഷയായിട്ടാണോ, അതോ അന്വേഷണം നടത്തി വേണ്ട നടപടികൾ നടത്തുന്നതിനുള്ള ഒരു പ്രാരംഭ നടപടി മാത്രമായിട്ടാണോ?

HON'BLE MR. T. K. NARAYANA PILLAI : സസ്പെൻഷനിൽ നിറുത്തിയിരിക്കുന്നതു് ഒരു ശിക്ഷയായിട്ടുതന്നെയാണ്. അതിനെപ്പറ്റി അന്വേഷണം നടത്തിയതിൽ പരാതികളിൽ അടങ്ങിയിരിക്കുന്ന സംഗതികൾ മുഴുവനും ശരിയല്ലെന്നും അവരെ ജോലിയിൽനിന്നും പിരിച്ചുവിടുന്നതിനുള്ള കാരണമില്ലെന്നും ഡിപ്പാർട്ടുമെൻറധികൃതന്മാർക്കു് ബോദ്ധ്യം വന്നതിനാൽ സസ്പെൻഷൻ മാത്രം മതിയെന്നാണു് തിരുമാനിച്ചതു്.

MR. N. V. CHACKO : സസ്പെൻഷൻ മിക്കപ്പോഴും ഒരു വിശ്രമമായിട്ടല്ലയോ ഫലിക്കുന്നതു്?

HON'BLE MR. T. K. NARAYANA PILLAI : ഒരു വ്യത്യാസമുണ്ട്. ശമ്പളമില്ലാത്ത വിശ്രമമാണു് സസ്പെൻഷൻ.

MR. K. A. MATHEW : ഇവരെപ്പറ്റി അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനാരാണു്?

HON'BLE MR. T. K. NARAYANA PILLAI : ആ ചോദ്യത്തിനു ശരിയായ ഉത്തരം പറയുവാൻ എനിക്കു നോട്ടീസുവേണം. ഐ. ജി. യുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ആണു അന്വേഷണം നടത്തിയതെന്നു് പൊതുവെ പറയാം. കൂടുതൽ വിവരങ്ങൾ അറിയണമെങ്കിൽ അന്വേഷിച്ചു അറിയിക്കാവുന്നതാണു്.

MR. K. A. MATHEW : ഈ കാര്യത്തെപ്പറ്റി വേണ്ട തെളിവുകൾ ആ ഉദ്യോഗസ്ഥൻ ശേഖരിച്ചിട്ടില്ലെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപ്പോൾ എനിക്കു അതു മനസ്സിലായി.

MR. K. A. MATHEW : അതെപ്പറ്റി കൂടുതൽ അറിയാവുന്ന ആളുകളോടു ശരിയായി അന്വേഷണം നടത്തുവാൻ ഗവണ്മെൻറിനു സന്മനസ്സുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : സന്മനസ്സു ഇല്ലായ്കയല്ല; പക്ഷെ ഈ മാതിരി കാര്യങ്ങൾ അന്വേഷണം നടത്തുന്നതു കഴിയുന്നതു ഇഫക്ടീവു ആയി നടത്തുക എന്നുള്ളതല്ലാതെ അതിൽ കൂടുതലായി നടത്തുന്നതു ശരിയായിരിക്കുകയില്ല.

MR. K. A. MATHEW : ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന മെമ്പറന്മാർ ആ സ്ഥലത്തുപോയി അന്വേഷിച്ചുവെന്നും അവക്കു വിശ്വാസയോഗ്യമായ വിവരങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അതുസംബന്ധിച്ചുള്ള കടലാസുകളൊന്നും ഇപ്പോൾ എന്റെ കൈവശമില്ല. ഇപ്രകാരം അവർ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടെങ്കിൽ ഗവണ്മെൻറിന് ആ അറിവു ലഭിച്ചാൽ അരനിമിഷംപോലും താമസിക്കാതെ വേണ്ട നടപടികൾ നടത്തുന്നതിന് മടിക്കയില്ല.

MR. K. A. MATHEW : അങ്ങനെ ആ സ്ഥലത്തെ പ്രതിനിധീകരിക്കുന്ന മെമ്പറന്മാർ ഗവണ്മെൻറിലേയ്ക്കു എഴുതി അയച്ചിട്ടുണ്ടെന്ന് ഞാൻ ഈ സഭയിൽവച്ചു പറയുന്നു.

HON'BLE MR. T. K. NARAYANA PILLAI : ആ പ്രസ്താവനയെ ഞാൻ സ്വീകരിക്കുന്നു. അതിനെ അടിസ്ഥാനമാക്കി വേണ്ട നടപടികൾ എടുക്കുന്നതാണ്.

MR. K. P. NILAKANTA PILLAI : ഒരു സംഗതിയെപ്പറ്റി ഒരു നിയോജകമണ്ഡലത്തിലെ മെമ്പറന്മാർ തമ്മിൽത്തന്നെ അഭിപ്രായം പറഞ്ഞാൽ ഗവണ്മെൻറു എന്തുചെയ്യും?

HON'BLE MR. T. K. NARAYANA PILLAI : ഈ സംഗതിയെപ്പറ്റിയാണോ പറയുന്നതു?

MR. K. P. NILAKANTA PILLAI : ഏതെങ്കിലും സംഗതിയെപ്പറ്റി?

HON'BLE MR. T. K. NARAYANA PILLAI : ഏതെങ്കിലും സംഗതിയെപ്പറ്റിയുള്ള കാര്യങ്ങൾക്കു മറുപടി പറയുവാൻ ഞാൻ ബാദ്ധ്യസ്ഥനല്ല.

MR. ABDUL AZIZ : നാമെല്ലാം ഒരുപോലെ പരാതിപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പഴഞ്ചൻ അന്വേഷണരീതി ഇന്നത്തെ ഗവണ്മെൻറിനെങ്കിലും ഒന്നു മാറ്റുവാൻ ദയവുണ്ടാകുമോ?

HONBLE. MR. T. K. NARAYANA PILLAI : ആ ചോദ്യം ഇവിടെ സംഗതമല്ല.

LIBRARY ARCHIVES Kerala Legislative Assembly